ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:16.08.2025**

## പ്രധാനവാർത്തകൾ

1. അനധികൃത കുടിയേറ്റത്തിനെതിരെ ശക്തമായ നടപടിയുണ്ടാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. കിഷ്ത്വാറിൽ മേഘ വിസ്ഫോടനത്തിൽ രക്ഷാ പ്രവർത്തനം പുരോഗമിക്കുന്നു. 60 പേർക്ക് ജീവൻ നഷ്ടമായി. 120 പേരെ രക്ഷപ്പെടുത്തി.

3. സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ വ്യാപക മഴ. എറണാകുളം മുതൽ കാസർകോട് വരെ മഞ്ഞ ജാഗ്രത.

4. ചിങ്ങമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട ഇന്ന് തുറക്കും. കീഴ്ശാന്തി നറുക്കെടുപ്പും, പമ്പ ഗണപതിക്ഷേത്രം മേൽശാന്തി നറുക്കെടുപ്പും നാളെ.

5. രാമായണ മാസാചരണത്തിന് ഇന്ന് സമാപനം. ഓണത്തിൻറെ വരവറിയിച്ച് നാളെ ചിങ്ങം ഒന്ന്.

6. കേരള ക്രിക്കറ്റ് ലീഗ് സീസൺ- 2 ടീമുകളുടെ ഔദ്യോഗിക ലോഞ്ചും ഭാഗ്യചിഹ്നങ്ങളുടെ പ്രഖ്യാപനവും ഇന്ന് തിരുവനന്തപുരത്ത്.

&&&&&&&&&&&&&&&&&&

RNUTVPM

## പ്രധാനമന്ത്രി

രാജ്യത്തിന്‍റെ ജനസംഖ്യാ സന്തുലിതാവസ്ഥക്ക് ഭീഷണിയാകുന്ന അനധികൃത കുടിയേറ്റത്തിനെതിരെ ശക്തമായ നടപടിയുണ്ടാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. അനധികൃത കുടിയേറ്റം ജനസംഖ്യക്ക് വെല്ലുവിളിയാണെന്നും പ്രധാനമന്ത്രി സ്വാതന്ത്ര്യ ദിന പ്രസംഗത്തിൽ പറഞ്ഞു. ഇത്തരം കുടിയേറ്റങ്ങളിൽ നിന്ന് രാജ്യത്തെ സംരക്ഷിക്കുന്നതിന് ഡെമാഗ്രഫി മിഷനും അദ്ദേഹം പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

## കിഷ്ത്വാർ - മേഘ വിസ്ഫോടനം

ജമ്മു കശ്മീരിലെ കിഷ്ത്വാറിൽ മേഘ വിസ്ഫോടനത്തിൽ രക്ഷാ പ്രവർത്തനം പുരോഗമിക്കുന്നു. രണ്ട് സിഐഎസ്എഫ് ഉദ്യോഗസ്ഥരുൾപ്പെടെ 60 പേർക്കാണ് ജീവൻ നഷ്ടമായത്. 100 ഓളം പേർക്ക് പരിക്കേറ്റു. 120 ലധികം പേരെ രക്ഷപ്പെടുത്തി. ദുരന്തബാധിതരെ സന്ദർശിക്കുന്നതിനായി മുഖ്യമന്ത്രി ഒമർ അബ്ദുള്ള കിഷ്ത്വാറിലെത്തി. പ്രധാനമന്ത്രി നരേന്ദ്ര മോദി ജമ്മു കശ്മീർ ലെഫ്റ്റനന്റ് ഗവർണറുമായും മുഖ്യമന്ത്രിയുമായും സ്ഥിതിഗതികളെക്കുറിച്ച് ചർച്ച ചെയ്തു.

PRD TVPM

&&&&&&&&&&&&&&&&&&

## അമീബിക് മസ്തിഷ്ക ജ്വരം

കോഴിക്കോട് താമരശ്ശേരിയിൽ പനി ബാധിച്ച് മരിച്ച ഒമ്പത് വയസ്സുകാരിക്ക് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജ് ലാബ് പരിശോധയിലാണ് രോഗം സ്ഥിരീകരിച്ചത്. താമരശേരി താലൂക്ക് ആശുപത്രിയിൽ നിന്നുമാണ് മെഡിക്കൽ കോളെജിലേക്ക് റഫർ ചെയ്തത്. കുട്ടി പ്രദേശത്ത് മുങ്ങികുളിച്ചതായി ആരോഗ്യ പ്രവർത്തകർക്ക് വിവരം ലഭിച്ചിരുന്നു. പ്രദേശത്ത് ജാഗ്രത കർശനമാക്കി.

&&&&&&&&&&&&&&&&&&

## മഴ

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ അടുത്ത അഞ്ചു ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. എറണാകുളം മുതൽ കാസർകോട് വരെയുള്ള ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള തീരത്ത് നാളെ വരെയും ലക്ഷദ്വീപ് തീരത്ത് മറ്റന്നാൾ വരെയും കർണാടക തീരത്ത് ഈ മാസം 19 വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. ശക്തമായ മഴയുടെ പശ്ചാത്തലത്തിൽ തൃശ്ശൂർ ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി നൽകി.

&&&&&&&&&&&&&&&&&&

## പാലക്കാട് - മഴ

RNUTVPM

പാലക്കാട് ജില്ലയിൽ മഴ ശക്തമായി തുടരുന്നു. നെന്മാറ വില്ലേജിലെ ആറ്റുവായി പുഴ കരകവിഞ്ഞ് വീടുകളിൽ വെള്ളം കയറി. നീരൊഴുക്ക് വർദ്ധിച്ചതിനെ തുടർന്ന് പാലക്കാട് കാഞ്ഞിരപ്പുഴ ഡാമിൻറെ ഷട്ടറുകൾ 15 സെൻറീ മീറ്റർ ആക്കി ഉയർത്തി. ശിരുവാണി ഡാമിലെ ജലനിരപ്പ് ക്രമീകരിക്കുന്നതിനായി ഡാമിൻറെ സ്ലൂയിസ് ഷട്ടർ 50 cm മുതൽ 100 cm വരെ ഉയർത്തുമെന്ന് അധികൃതർ അറിയിച്ചു. അട്ടപ്പാടി പ്രദേശത്തുള്ളവർക്കും ശിരുവാണിപ്പുഴ, ഭവാനിപ്പുഴ നദികളുടെ തീരത്ത് താമസിക്കുന്നവർക്കും ജാഗ്രതാ നിർദ്ദേശമുണ്ട്. ഭവാനി പുഴയിൽ ഒഴുക്കിൽപ്പെട്ട് കാണാതായ രണ്ടു പേർക്ക് വേണ്ടിയുള്ള തിരച്ചിൽ തുടരുകയാണ്.

&&&&&&&&&&&&&&&&&&

## നദി - മഞ്ഞ അലേർട്ട്

അപകടകരമായ രീതിയിൽ ജലനിരപ്പ് ഉയരുന്നതിനാൽ വാമനപുരം, അച്ചൻകോവിൽ, ഭാരതപുഴ, ചാലക്കുടി എന്നീ നദികളിൽ സംസ്ഥാന ജലസേചന വകുപ്പ് മഞ്ഞ ജാഗ്രത

പ്രഖ്യാപിച്ചു. ഈ നദിയുടെ തീരത്തുള്ളവർ ജാഗ്രത പാലിക്കുക. നദികളിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ലെന്നും തീരത്തോട് ചേർന്ന് താമസിക്കുന്നവർ ജാഗ്രത പാലിക്കേണമെന്നും മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&&

## കക്കി ഡാം ഷട്ടർ തുറക്കും

ശക്തമായ മഴയെ തുടർന്ന് കക്കി - ആനത്തോട് ഡാമിന്റെ നാല് ഷട്ടറുകൾ ഘട്ടംഘട്ടമായി ഉയർത്തും. ഡാമിൻറെ സംഭരണിയിലേയ്ക്കുള്ള നീരൊഴുക്ക് വർധിച്ചതിനാലും വൃഷ്ടി പ്രദേശത്ത് ശക്തമായ മഴ തുടരുന്നതിനാലും സംഭരണിയിലെ ജലനിരപ്പ് അപ്പർ റൂൾ ലെവലായ 976 മീറ്റർ കടന്ന സാഹചര്യത്തിലുമാണ് ഷട്ടർ ഉയർത്തുന്നത്. പമ്പ നദിയിലെ ജലനിരപ്പ് ഉയരാൻ സാധ്യതയുള്ളതിനാൽ നദീതീരങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&&&

## പാലക്കാട് (ഇൻട്രോ)

സംസ്ഥാനത്തെ വലിയ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഒന്നാകാൻ പാലക്കാട് ജില്ലയിൽ കാഞ്ഞിരപ്പുഴ ഒരുങ്ങുന്നു. അണക്കെട്ടിനോട് ചേർന്നുള്ള 161 കോടി രൂപയുടെ നിർമാണ പ്രവർത്തികളുടെ ഉത്ഘാടനം അടുത്തമാസം നടക്കും. **വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്... (വോയ്സ്)**

&&&&&&&&&&&&&&&&&&

## ഗതാഗതകുരുക്ക്

മണ്ണുത്തി- ഇടപ്പള്ളി ദേശീയ പാതയിൽ രൂക്ഷമായ ഗതാഗത കുരുക്ക്. എറണാകുളം ഭാഗത്തേക്ക് അഞ്ച് കിലോമീറ്ററോളം വാഹനങ്ങളുടെ നീണ്ട നിരയാണുള്ളത്. ഇന്നലെ രാത്രി 11 മണിക്ക് തുടങ്ങിയ ഗതാഗത കുരുക്ക് ഇതുവരെയും അവസാനിച്ചിട്ടില്ല. എയർപോർട്ടിലടക്കം പോകാൻ ആളുകൾ ആശ്രയിക്കുന്ന പ്രധാന പാതയാണിത്.

&&&&&&&&&&&&&&&&&&

RNU TVPM

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

## ഇടുക്കി - വെളുത്തുള്ളി (ഇൻട്രോ)

വട്ടവടയിൽ ഇപ്പോൾ വെളുത്തുള്ളിയുടെ വിളവെടുപ്പ് കാലമാണ്. വട്ടവടയിലെ വെളുത്തുള്ളി സീസൺ രണ്ട് മാസക്കാലം കൂടി തുടരും. തമിഴ്നാട്ടിലേക്കാണ് കർഷകർ വെളുത്തുള്ളി കൂടുതലായി വിൽപ്പനക്കായി കൊണ്ടു പോകുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.... (വോയ്സ്.......)**

RNU TVPM

&&&&&&&&&&&&&&&&&&

## ശബരിമല

ചിങ്ങമാസ പൂജകൾക്കായി ശബരിമല നട ഇന്ന് വൈകിട്ട് അഞ്ചിന് തുറക്കും. മേൽശാന്തി അരുൺകുമാർ നമ്പൂതിരി നട തുറന്ന് ദീപം തെളിയിക്കും. ശബരിമല കീഴ്ശാന്തി നറുക്കെടുപ്പ്, പമ്പ ഗണപതിക്ഷേത്രം മേൽശാന്തി നെറുക്കെടുപ്പ് എന്നിവ നാളെ നടക്കും. ഈമാസം 21ന് നടയടയ്ക്കും. ഓണം പൂജകൾക്കായി അടുത്തമാസം മൂന്നിന് വീണ്ടും നട തുറക്കും.

&&&&&&&&&&&&&&&&&&

## ചിങ്ങം

ഭക്തി സാന്ദ്രമായി ഒരുമാസം നീണ്ടു നിന്ന രാമായണ മാസാചരണത്തിന് ഇന്ന് സമാപനം. പുത്തൻ പ്രതീക്ഷകളുമായി ഓണത്തിൻറെ വരവറിയിച്ച് പൊന്നിൻ ചിങ്ങപ്പിറവി നാളെ. സമ്പൽസമൃദ്ധിയുടേയും പ്രതീക്ഷയുടേയും പുതുവർഷമാണ് മലയാളികൾക്ക് ചിങ്ങമാസം.
കൊല്ലവർഷത്തിൻറെ ആദ്യ മാസമായ നാളെ കേരളത്തിന്

കർഷക ദിനം കൂടിയാണ്. ഈമാസം 26 നാണ് അത്തം. ക്ഷേത്രങ്ങളിൽ ഇന്നും നാളെയും പ്രത്യേക പൂജകൾ ഉണ്ടാകും.

&&&&&&&&&&&&&&&&&&

## ജന്മാഷ്ടമി

ശ്രീകൃഷ്ണ ജന്മാഷ്ടമി ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമ്മു, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ ജനങ്ങൾക്ക് ആശംസകൾ നേർന്നു. ഉത്തർപ്രദേശിലെ മഥുരയും വൃന്ദാവനവും ജന്മാഷ്ടമി ആഘോഷങ്ങൾക്ക് തയ്യാറായികഴിഞ്ഞു. ക്ഷേത്രങ്ങളിൽ ഇന്ന് പ്രത്യേക പൂജകൾ നടക്കും.

&&&&&&&&&&&&&&&&&&

## കേരള ക്രിക്കറ്റ് ലീഗ്

RNI TVPM

കേരള ക്രിക്കറ്റ് ലീഗിന്റെ രണ്ടാം പതിപ്പിന് മുന്നോടിയായുള്ള ടീമുകളുടെ ഔദ്യോഗിക ലോഞ്ച് ഇന്ന് തിരുവനന്തപുരത്ത് നടക്കും. കെ.സി.എല്ലിൻ്റെ ഭാഗ്യചിഹ്നങ്ങളുടെ പ്രഖ്യാപനവും, സംഗീത നിശയും അരങ്ങേറും. ഇന്നലെ നടന്ന സൗഹൃദ ട്വൻറി-ട്വൻറി മത്സരത്തിൽ ഇന്ത്യൻ താരം സഞ്ജു സാംസൺ നയിച്ച കെ.സി.എ സെക്രട്ടറി ഇലവൺ ജയിച്ചു. സച്ചിൻ ബേബി നയിച്ച കെ.സി.എ. പ്രസിഡൻറ് ഇലവണെ ഒരുവിക്കറ്റിനാണ് പരാജയപ്പെടുത്തിയത്. ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലെ പുതിയ ഫ്ലഡ്ലൈറ്റുകളുടെ ഉദ്ഘാടനവും ഇന്നലെ നടന്നു.

&&&&&&&&&&&&&&&&&&

## ആലപ്പുഴ - (ഇൻട്രോ)

ജപ്പാൻ കുടിവെള്ള വിതരണ പദ്ധതിയുടെ പ്രധാന കുഴലിൽ ചോർച്ച ഉണ്ടായതിനെ തുടർന്ന് ആലപ്പുഴ ചേർത്തലക്ക് സമീപമുള്ള എട്ട് പഞ്ചായത്തുകളിൽ രണ്ടു ദിവസം കുടിവെള്ള വിതരണം തടസപ്പെടും. അറ്റകുറ്റപണികൾ ആരംഭിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആലപ്പുഴയിൽ നിന്നും ആകാശവാണി പ്രതിനിധി ആർ രവികുമാർ (ഹോൾഡ് വോയ്സ്.......)**

&&&&&&&&&&&&&&&&&&

**വാജ്പേയി**

മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ ഏഴാം ചരമ വാർഷികമായ ഇന്ന് രാജ്യം അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു. ദേശീയ തലസ്ഥാനത്ത് വാജ്പേയിയുടെ സ്മാരകത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമ്മു, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ, കേന്ദ്രമന്ത്രിമാർ തുടങ്ങിയവർ പുഷ്പാർച്ചന നടത്തി.

&&&&&&&&&&&&&&&&&&

**സി അച്യുതമേനോൻ അനുസ്മരണ ദിനം**

മുൻ മുഖ്യമന്ത്രി സി അച്യുതമേനോൻ അനുസ്മരണ ദിനം - ഇന്ന്. തിരുവനന്തപുരം എം.എൻ സ്മാരകത്തിൽ മുതിർന്ന സിപിഐ നേതാവ് പന്ന്യൻ രവീന്ദ്രൻ അച്യുതമേനോന്റെ ഛായാചിത്രത്തിൽ പുഷ്പാർച്ചന നടത്തി.

RNU TVPM

&&&&&&&&&&&&&&&&&&

**സ്വർണ്ണം**

സ്വർണ്ണവില കുറഞ്ഞു. പവന് 40 കുറഞ്ഞ് 74,200 രൂപയും ഗ്രാമിന് 9,275 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

**ഷോക്കേറ്റു മരിച്ചു**

കോഴിക്കോട് വടകരയിൽ വീട്ടു മുറ്റത്ത് പൊട്ടിവീണ ഇലക്ട്രിക് ലൈനിൽ നിന്നും ഷോക്കേറ്റ് സ്ത്രീ മരിച്ചു. തോടന്നൂർ സ്വദേശിനി ഉഷയാണ് മരിച്ചത്.

&&&&&&&&&&&&&&&&&&

## അയ്യപ്പസംഗമം

സംസ്ഥാന സർക്കാരും ദേവസ്വം ബോർഡും സംയുക്തമായി സെപ്തംബറിൽ പമ്പയിൽ സംഘടിപ്പിക്കുന്ന അഖില ലോക അയ്യപ്പ സംഗമത്തിൻറെ സ്വാഗത സംഘ രൂപീകരണ യോഗം ഇന്ന് ചേരും. ദേവസ്വം വകുപ്പ് മന്ത്രി വി എൻ വാസവന്റെ അധ്യക്ഷതയിൽ പമ്പയിലാണ് യോഗം.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

RNU TVPM